(ഡി) കേന്ദ്ര സർക്കാരിന്റെ അംഗീകാരം, ഫണ്ട് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

34 (200) അയർകുന്നം-കുരോപ്പട-പാമ്പാടി-മീനടം ശുദ്ധജല വിതരണ പദ്ധതി

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയർകുന്നം-കുരോപ്പട-പാമ്പാടി-മീനടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) എന്ന് സ്കീം പൂർണ്ണമായി കമ്മിഷൻ ചെയ്യുമെന്നും അതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്നും വ്യക്തമാക്കുമോ;

(സി) ശുദ്ധീകരിച്ച വെള്ളം അടുത്ത വേനൽകാലത്തിനുമുൻപ് വിതരണം ചെയ്യണമെന്ന ആവശ്യം അനുഭാവപൂർവം പരിഗണിക്കുമോ;

(ഡി) എന്നുമുതൽ ശുദ്ധീകരിക്കുന്ന വെള്ളം വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിയുടെ കിണറിന്റെ പണി പൂർത്തിയായി. പമ്പ് ഹൗസിന്റെ പണിക്ക് ടെണ്ടർ നടപടികൾ എടുത്തുവരുന്നു. വാഴപ്പറമ്പ്, മാതൃമല, എളപ്പാതി, പൊത്തൻപുറം എന്നീ സ്ഥലങ്ങളിലുള്ള സംഭരണികളുടെ പണി പൂർത്തിയായി. കോയിത്താനത്തുള്ള സംഭരണിയുടെ പണിയും പുരോഗമിക്കുന്നു. ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പണി 70% വും പൂർത്തിയായി.

(ബി) 12/2002-ൽ ശുദ്ധജലവിതരണം നടത്താൻ ലക്ഷ്യമിട്ട മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി)&(ഡി) 12/2000-ൽ ശുദ്ധജലവിതരണം നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 4/2000-ൽ ശുദ്ധീകരിക്കാത്ത വെള്ളം ഉപയോഗിച്ച് പൈപ്പ് ലൈൻ ടെസ്റ്റ് ചെയ്യുന്നതിന് ട്രയൽ പമ്പിംഗ് തുടങ്ങാൻ ഉദ്ദേശിക്കുന്നു.

35 (201) ഗ്രാമീണ ജലവിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ പദ്ധതി

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജലവിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് പരിപാടിയുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly